**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** | **04-10-2021 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ സൈബർ കുറ്റകൃത്യങ്ങൾ വളരെ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ്വ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ - അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ, റാൻസംവയർ, മാൽവെയർ അറ്റാക്ക്, എന്നിവയെ ക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ഡിജിറ്റർ അസെറ്റ്കളുടെ സുരക്ഷക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിനു പുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ് വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചു വരുന്നു. കേരള പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ അന്തർ ദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി G.O.(MS) No. 68/2018/HOME dated 17.04.2018 എന്ന ഉത്തരവ് പ്രകാരം എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. തുടർന്ന് സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധനവ് കണക്കിലെടുത്ത് എല്ലാ പോലീസ് ജില്ലകളിലും ഒരു സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടാകണമെന്ന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ G.O.(MS) No. 198/2020/HOME dated 22.10.2020എന്ന ഉത്തരവ് പ്രകാരം 15 പോലീസ് |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ കൂടി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച കണ്ണൂർ റൂറൽ ജില്ലയിൽ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ